പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച ഉപധനാഭ്യർത്ഥന ചർച്ചയിൽ അനുകൂലിച്ചും പ്രതികൂലിച്ചും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി സംസാരിച്ച ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ഡി.എസ്. എന്നീ കോഴ്സുകളിലേയ്ക്ക് അനുവദനീയമായ സംവരണ സീറ്റിലേക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലനം നൽകുന്നതിന്റെ ഭാഗമായി 2011-ൽ 21 പേർക്കും 2012-ൽ 50 പേർക്കും പരിശീലനം നൽകി. 2012-ൽ ആകെ 36 പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾ യോഗ്യത നേടിയപ്പോൾ അതിൽ 15 കുട്ടികളും പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ പ്രത്യേക പരിശീലന പരിപാടിയിൽ പങ്കെടുത്തവരാണ്. ഈ പദ്ധതി ഈ വർഷവും തുടർന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ എം.ബി.ബി.എസും. എഞ്ചിനീയറിംഗും പഠിക്കുന്ന കുട്ടികൾക്ക്, 2011-12 വർഷം 128 കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി. ഈ വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2011-12 വർഷം എട്ടാം ക്ലാസ്സിൽ പഠനം നടത്തിയിരുന്ന 6224 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കി. അതുപോലതന്നെ പ്രി മെട്രിക് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിച്ച വിദ്യാഭ്യാസ ചെലവിന്റെ അടിസ്ഥാനത്തിൽ 2012 ജൂൺ മാസം മുതൽ 120 ശതമാനം വരെ വർദ്ധനവ്

വരത്തക്ക വിധത്തിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. മുൻ വർഷം ഇതിനുവേണ്ടി വകയിരുത്തിയിരുന്ന മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രി മെട്രിക് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് ഏഴ് കോടി രൂപയും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് അഞ്ച് കോടി രൂപയും അധികമായി വേണ്ടി വരും. അതുപോലെതന്നെ അരുവിക്കര നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്തിലും കുറ്റിച്ചൽ പഞ്ചായത്തിലും കൂടി പൊടിയം, കമലകം, പാറ്റംപാറ, പ്ലാത്തോട് തുടങ്ങിയ ആദിവാസി സെറ്റിൽമെന്റിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ സുരക്ഷിതമായി എത്തുന്നതിനുള്ള സ്ഥിരം സംവിധാനത്തിന് നടപടി സ്വീകരിക്കും. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സ ധനസഹായമായി ബന്ധപ്പെട്ട പി.ഒ./റ്റി.ഡി.ഒ.മാർ വഴി ആയിരം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 10,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി 25,000 രൂപയും അനുവദിച്ചുവരുന്നു. 2011–12 സാമ്പത്തിക വർഷം 17070 പേർക്ക് ആകെ 140 ലക്ഷം രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2007–ൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ അധിക കേന്ദ്ര സഹായമായി അനുവദിച്ച 10 കോടി രൂപ സർക്കാർ ഉത്തരവിലൂടെ സമഗ്ര ആരോഗ്യ പദ്ധതിയാക്കി മാറ്റുകയും ഈ തുക 14 ജില്ലാ ആശുപത്രികൾക്കും, 5 സർക്കാർ മെഡിക്കൽ കോളേജുകൾക്കും കണ്ണൂർ, എറണാകുളം സഹകരണ മെഡിക്കൽ കോളേജുകൾക്കും മലബാർ ക്യാൻസൽ സെന്റർ, ആർ.സി.സി. ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിനും വിതരണം ചെയ്തിട്ടുണ്ട്. ഇതൊരു തുടർ പദ്ധതിയായല്ല അന്നത്തെ സർക്കാർ

വിഭാവനം ചെയ്തത്. ഇപ്പോൾ ഈ തുക പല ആശുപത്രികളിലും പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. തുക പൂർണ്ണമായും വിനിയോഗിക്കാത്ത ആശുപത്രികളിൽ നിന്നും തുക ശേഷിക്കാത്ത ആശുപത്രികളിലേയ്ക്കു കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വേണ്ട ക്രമീകരണങ്ങൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2012–13 സാമ്പത്തിക വർഷം 5 കോടി രൂപ അധികമായി വേണ്ടിവരും.

<u>ശ്രീ. എ.കെ. ബാലൻ:</u> സർ, 5 കോടി രൂപ അധികമായി വേണ്ടിവരുമെന്ന് പറഞ്ഞു. അത് ലഭ്യമാക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

<u>കുമാരി പി.കെ. ജയലക്ഷ്മി:</u> സർ, അതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. പട്ടികവർഗ്ഗക്കാരിൽ പിന്നോക്കം നിൽക്കുന്നതും എന്നാൽ പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെടാത്തതും എന്നാൽ വളരെ പിന്നോക്കം നൽക്കുന്ന ജീവിത സാഹചര്യങ്ങളുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ പോഷകാഹാര കുറവ്, മദ്യം എന്നിവയുടെ അമിതമായ ഉപയോഗം കാരണം വളരെ കഷ്ടപ്പെടുന്നുണ്ട്. ഇത്തരം ജനവിഭാഗങ്ങൾ ഇന്ന് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് വയനാട് ജില്ലയിലാണ്. ഇവർക്ക് മതിയായ ബോധവൽക്കരണം നടത്തി നല്ല ഒരു ജീവിതശൈലി വാർത്തെടുക്കേണ്ടത് അത്യാവശ്യമാണ്. 2012–13 സാമ്പത്തിക വർഷത്തിൽ ഇത്തരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുള്ളവരെ സാമൂഹ്യ പ്രവർത്തകരായി നിയോഗിച്ച് ബോധവൽക്കരണം നടത്തുന്നതിന് ബൃഹത്തായ ഒരു പദ്ധതിക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിക്ക് ഏക

ദേശം 100 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ പ്രത്യേകിച്ച് വയനാട്, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ അരിവാൾ രോഗം ബാധിച്ച് ദുരിതം അനുഭവിക്കുന്ന ഒട്ടേറെ ആളുകളുണ്ട്. അവർക്ക് ഒരു ജോലിയും ചെയ്യാൻ സാധിക്കുകയില്ല. വിദ്യാർത്ഥികളാണെങ്കിൽ അവർക്ക് പഠിക്കാൻ പോലും സാധിക്കാത്ത സാഹചര്യമുണ്ട്. ഇത്തരത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിനായി കഴിഞ്ഞ മാർച്ച് മാസത്തിൽ മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രത്യേകമായി രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ച് കഴിഞ്ഞു. അതുപോലെതന്നെ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും മെഡിക്കൽ സേവനം ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2012–13 സാമ്പത്തിക വർഷം കൂടുതൽ ആദിവാസികളുള്ള പാലക്കാട്, കാസർഗോഡ്, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നേരിട്ട് മരുന്നും മെഡിക്കൽ സേവനവും ലഭ്യമാക്കത്തക്ക വിധത്തിൽ എല്ലാ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ആംബുലൻസുകൾ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. ഇതുവഴി പട്ടികവർഗ്ഗക്കാർക്ക് മികച്ച ഡോക്ടർമാരുടെയും മറ്റ് മെഡിക്കൽ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ 2011–12 വർഷം മുതൽ നിലവിലുണ്ടായിരുന്ന 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഭവന രഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഘട്ടം ഘട്ടമായി വീട്

നിർമ്മിച്ച് നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വർഷം ഈ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വനിതകൾക്ക് സ്വയം തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും അവരെ ശാക്തീകരിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിക്ക് വേണ്ടി 2011–12 വർഷം 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. അത് മുഴുവനും ചെലവഴിച്ചു. 2012–13 വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 120 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തയ്യൽ, ടൈപ്പ്റൈറ്റിംഗ്, ബുക്ക് ബൈന്റിംഗ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, നോട്ട് ബുക്ക് നിർമ്മണം, പി.എസ്.സി. കോച്ചിംഗ് എന്നിവ നടപ്പിലാക്കി വരുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപൊലെ പി.എസ്.സി. ആപ്ലിക്കേഷൻ ഓൺലൈൻ സംവിധാനമായതുകൊണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അതിനെക്കുറിച്ച് അറിയാത്ത ഒരു സാഹചര്യമുണ്ട്. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് കൂടുതലായി അതിനുള്ള ബോധവൽക്കരണ ക്ലാസുകളും പരിശീലന പരിപാടിയും സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് സെന്ററുകളും ആരംഭിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതി/യുവാക്കൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകുകയും അത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജീവനോപാധി എന്നുള്ള നിലയിൽ ഓട്ടോറിക്ഷ വാങ്ങി നൽകുന്ന ഒരു പദ്ധതി സർക്കാർ അവിഷ്കരിക്കുന്നുണ്ട്. ഇതിന് ഏകദേശം 801.25 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പട്ടികവർഗ്ഗക്കാർക്കുള്ള വിവിധ വികസന

പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സമഗ്രമായ ഒരു വിവര വ്യൂഹം തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 100 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിവര വ്യൂഹത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർക്ക് എല്ലാ ആവശ്യങ്ങൾക്കും കഴിയുന്ന തരത്തിലുള്ള ഒരു തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വിതരണം ചെയ്യാൻ ഉദ്ദേശിക്കുകയാണ്. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വീട്, ഗതാഗത സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, അംഗൻവാടി, മറ്റ് ജീവനോപാധികൾ, കമ്മ്യൂണിറ്റി ഹാളുകൾ, പച്ചക്കറിത്തോട്ടം എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങളുള്ള സ്വയം പര്യാപ്തമായ മോഡൽ സ്കൂൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ അഞ്ച് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതാണ്. അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. വരും വർഷങ്ങളിൽ ബാക്കിയുള്ള ജില്ലകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വികസനപരമായി വളരെ പിന്നോക്കം നിൽക്കുന്നതും ദുർഘട പ്രദേശങ്ങളുള്ളതുമായ പട്ടികവർഗ്ഗ സങ്കേതങ്ങൾ നേരിട്ട് സന്ദർശിച്ച് അവിടത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി അതിന് പരിഹാരം കാണാൻ ശ്രമിച്ചു വരികയാണ്. അതിന്റെ ഭാഗമായി കേരളത്തിലെ ഏക ട്രൈബൽ പഞ്ചായത്തായ ഇടമലക്കുടി സന്ദർശിക്കുകയുണ്ടായി. വനത്തിനുള്ളിലൂടെയുള്ള 23 കിലോമീറ്റർ അതിദുർഘടമായ വഴിയിലൂടെ നടന്നാണ് ഏകദേശം സമുദ്രനിരപ്പിൽ നിന്നും 8000 അടി താഴ്ചയുള്ള ഇടമലക്കുടിയിൽ എത്തിയത്. ഇത്രയും ദൂരം കടന്നാണ് റേഷൻ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ അവിടെയെത്തുന്നത്. ഗവൺമെന്റ് ഒരു രൂപയ്ക്ക് നൽകുന്ന അരി അവിടെയെത്തു

മ്പോൾ 18 രൂപ കൊടുക്കേണ്ടിവരുന്നു. ഇതിനായി ചുമട്ടുകൂലി ഇനത്തിൽ അധികമായി വരുന്ന തുക പട്ടികവർഗ്ഗ വകുപ്പ് നൽകി വരികയാണ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഒരു സബ് സെന്റർ മാത്രമേ ഇടമലക്കുടിയിൽ പ്രവർത്തിക്കുന്നുള്ളൂ. വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഒരു പഞ്ചായത്താണ് ഇടമലക്കുടി. മറ്റ് വകുപ്പുകളുടെ ഏകോപനത്തോടുകൂടി പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂടി ഏകോപിപ്പിച്ചുകൊണ്ട് ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ സമഗ്ര വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 15 കോടി രൂപ വിനിയോഗിച്ച് ഭവനനിർമ്മാണം, കുടിവെള്ളം, കൃഷി, വാലായ്മപ്പുര, ഗിരിജൻ സർവ്വീസ് സൊസൈറ്റിക്ക് ഒരു ഗോഡൗൺ നിർമ്മാണം, പെട്ടിമുടിയിൽ ഡോർമെട്രി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഇത്തരത്തിൽ വികസനമെത്താത്ത ദുർഘടമായ പ്രദേശങ്ങളായ പട്ടികവർഗ്ഗ സങ്കേതങ്ങൾ നേരിട്ട് സന്ദർശിക്കുന്നതും അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുന്നതുമാണ്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ 2011–12 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച 1684.23 കോടി രൂപ ലാപ്സായിപ്പോയെന്ന് പറഞ്ഞു. 1674.23 കോടി രൂപ അനുവദിച്ചതിൽ 1638.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 97.86 ശതമാനം ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ നിർമ്മിതി ഉപകേന്ദ്രത്തിന്റെ പലവിധത്തിലുള്ള ഒൻപത്

നിർമ്മാണപ്രവർത്തനങ്ങൾക്കായി 101.85 ലക്ഷം രൂപ 28032012-ന് അനുവദിച്ചു നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരികയാണ്. പട്ടികവർഗ്ഗ മേഖലയിലെ വികസന പ്രവർത്തനങ്ങളുടെ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. അതായത് ജില്ലകളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി ജില്ലാ കളക്ടറും വികസന വകുപ്പുദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു മോണിറ്ററിംഗ് സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതിനേക്കാൾ കൂടുതൽ കാര്യക്ഷമതയുള്ള ഒരു മോണിറ്ററിംഗ് സംവിധാനത്തെക്കുറിച്ചാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ലംപ്സംഗ്രാന്റിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലംപ്സംഗ്രാന്റ് ഇനത്തിൽ 120 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നേഴ്സറി സ്കൂളുകൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ് 100 രൂപയിൽ നിന്ന് 150 രൂപയായും എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് 140 രൂപയിൽ നിന്ന് 250 രൂപയായും ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് 330 രൂപയിൽ നിന്നും 750 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് 715 രൂപയിൽ നിന്ന് 900 രൂപയായും. ബി.എ./ബി.എസ്.സി വിഭാഗക്കാർക്ക് നൽകുന്ന സ്റ്റൈപ്പന്റ് 790 രൂപയിൽ നിന്ന് 950 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. എം.എ./എം.എസ്.സി./എം-കോം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 1010 രൂപയിൽ നിന്നും 1250 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ രാജീവ് ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രശ്നത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാട്ടുനായ്ക്കർ വിഭാഗത്തിലുള്ള കുട്ടികൾക്കുവേണ്ടിയാണ് നൂൽപ്പുഴയിലെ

രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂൾ സ്ഥാപിച്ചത്. ചില സാങ്കേതിക കാരണങ്ങളാൽ അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചില്ല. അതിന്റെ തുടർ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ആറളം ഫാമിന്റെയും പ്രിയദർശിനി എസ്റ്റേറ്റിന്റെയും പ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ തന്നെ മുന്നോട്ടുപോവുകയാണ്. പ്രാക്തന ഗോത്ര വിഭാത്തിനായി അനുവദിച്ച 148 കോടി രൂപയുടെ അതിന്റെ പ്രവർത്തനവും വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ ആദിവാസികൾക്കും ഭൂമി കൊടുക്കണമെന്നുള്ളതുതന്നെയാണ് ഈ സർക്കാരിന്റെ നയം. അതിൽനിന്നും ഈ ഗവൺമെന്റ് ഒരിക്കലും പിൻമാറുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആദിവാസി ഭൂമിയുടെ പ്രശ്നത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി ഇവിടെ പറയുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. ഭൂമിക്കുവേണ്ടി സമരം ചെയ്ത് 250-ൽപ്പരം ആദിവാസികൾ ഇപ്പോൾ വിവിധ ജയിലുകളിൽ കഴിയുകയാണ്. അതിൽ കുറച്ചുപേരെ കഴിഞ്ഞ ദിവസം കോടതി വിട്ടയച്ചു. തലശ്ശേരി സബ് ജയിലിൽ കഴിയുന്നവരെ നേരിട്ട് കണ്ട് നിങ്ങൾ ജാമ്യത്തിൽ പോകാൻ തയ്യാറാണോയെന്ന് ചോദിച്ചപ്പോൾ ജാമ്യത്തിൽ പോയാൽ ഇടയ്ക്കിടെ കോടതിയിൽ പോകാൻ സാധിക്കുകയില്ലെന്നും അതുകൊണ്ട് ഞങ്ങളാരും ജാമ്യമെടുത്തു പോകാൻ തയ്യാറല്ലെന്നുമാണ് അവർ പറഞ്ഞത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമായി കണ്ട് അവരെ മോചിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

തയ്യാറാകണം. വളരെ ചുരുങ്ങിയ സമയം കൊണ്ട് ഭൂമി കൊടുക്കാൻ കഴിഞ്ഞുവെന്ന് വരില്ല. എന്നാലും അതിനെപ്പറ്റി ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കാൻ കഴിയണം. കാരണം ഭൂമിക്കുവേണ്ടി സമരത്തിൽ പങ്കെടുത്ത സ്ത്രീകൾ ഉൾപ്പെടെയുള്ള 250 പേർ ജയിലിൽ കിടക്കുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. പട്ടികവർഗ്ഗ വകുപ്പിന്റെ ചർച്ച നടക്കുന്ന ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കണം. ഈ കേസിൽ പ്പെട്ടിട്ടുള്ള എല്ലാ ആളുകളേയും മോചിപ്പിക്കാൻ സർക്കാർ തയ്യാറാണെന്ന് ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് അറിയിച്ചാൽ അവരെ വിടും. അവരുടെ റിമാന്റ് നീട്ടണമെന്ന പബ്ലിക് പ്രോസിക്യൂട്ടറുടെ ആവശ്യപ്രകാരമാണ് ജഡ്ജി കാലാവധി നീട്ടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അവരുടെ ജാമ്യത്തെ പോലീസ് ഒപ്പോസ് ചെയ്തിട്ടില്ല. ഞങ്ങൾ അവർക്ക് ജാമ്യം കൊടുക്കാൻ തയ്യാറാണ്. ഗവൺമെന്റിന് ആ കാര്യത്തിൽ തർക്കമില്ല. അവരെ അകത്തോട്ട് കയറ്റിവിട്ട ആളുകൾ ദയവായി രണ്ടാളുകളെ വിട്ട് ഇവരെ ജാമ്യത്തിലിറക്കി പുറത്തോട്ടുകൊണ്ടുപോകാൻ തയ്യാറാകണമെന്നുമാത്രമേ പറയാനുള്ളൂ. ........... (ബഹളം)................

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള ബാദ്ധ്യത നമുക്കുണ്ട്. അതിന് മുൻകൈയെടുക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ആ പ്രവർത്തനങ്ങളോട് എല്ലാവരും സഹകരിക്കണം. കാരണം അവർ അതിന് അർഹതപ്പെട്ടവരാണ്. അതിന് നമ്മൾ പലവിധത്തിലുള്ള മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് – (1) ഗവൺമെന്റിന്റെ കയ്യിലുള്ള ഭൂമി (2) ആറളത്ത് വിലയ്ക്കുവാങ്ങിച്ചതുപോലെ വിലയ്ക്കു വാങ്ങിക്കാവുന്ന സാദ്ധ്യമായ സ്ഥലങ്ങൾ വിലയ്ക്ക് വാങ്ങുന്നു.

വനാവകാശ നിയമമനുസരിച്ച് അവർക്ക് കൊടുക്കാവുന്നത്രയും ഭൂമികൾ കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ ശ്രമങ്ങളെല്ലാം നടത്തി യിട്ടും എല്ലാവർക്കും ഭൂമി കൊടുക്കുന്ന നിലയിലേയ്ക്ക് എത്തിയിട്ടില്ല. പക്ഷേ സമയബന്ധിതമായി എല്ലാവർക്കും ഭൂമി കൊടുത്തേ മതിയാകൂ. അതിന് ഗവൺമെന്റ് കമ്മിറ്റഡാണ്, അത് ചെയ്യും. ആ കാര്യത്തിൽ നിങ്ങൾക്കെന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ, എവിടെയെങ്കിലും ഇന്ന ഭൂമി കിട്ടും അല്ലെങ്കിൽ ഇന്ന ഭൂമി കൊള്ളാമെന്നുള്ളതുണ്ടെങ്കിൽ അതും കേൾക്കാൻ തയ്യാറാണ്. ഇപ്പോൾ ആദിവാസികൾ സമരം ചെയ്തു. സമരം ചെയ്തതിനെ ഞങ്ങളൊരിക്കലും എതിർക്കുന്നില്ല. ഗവൺമെന്റിന്റെ കയ്യിലിരി ക്കുന്ന ഭൂമി വീതിച്ചുകൊടുക്കുന്നതിലാണ് കാലതാമസമുണ്ടായതെങ്കിൽ ശക്തമായ സമരത്തിന് സാഹചര്യമുണ്ട്, അതിനർത്ഥമുണ്ട്, ശരിയാണ്. പക്ഷേ ഗവൺമെന്റിന്റെ കൈവശമുള്ള ഭൂമിയല്ല, ഗവൺമെന്റ് ഇനിയും കണ്ടെത്തിക്കൊടുക്കേണ്ടതായ ഭൂമിയാണ്. അതുകൊണ്ട് ഭൂമി വേണം, അത് എത്രയും വേഗമാക്കണമെന്നുള്ളതിന് ഒരു സൂചനയായി നടത്തുന്ന സമര ങ്ങൾ സ്വാഭാവികമാണ്. പക്ഷേ സ്ഥിരമായിട്ടുള്ള സമരത്തിലേയ്ക്ക് പോകു ന്നത് ശരിയല്ല. നിങ്ങൾ കൂടി സഹകരിക്കണം. ജയിലിൽ കിടക്കുന്ന എല്ലാ വരും പോകാൻ തയ്യാറാണെങ്കിൽ നിശ്ചയമായും അവരെ ജാമ്യത്തിൽ വിടു ന്നതിനുള്ള നടപടികൾ ഗവൺമെന്റ് മുൻകൈ എടുത്ത് ചെയ്യാൻ തയ്യാറാണ്. പക്ഷേ അവർ ഞങ്ങൾക്ക് ജയിലിൽ നിന്ന് പോയിക്കഴിഞ്ഞാൽ വേറൊരി ടത്ത് താമസിക്കാൻ സ്ഥലമില്ലെന്ന നിലപാടെടുത്താൽ നമുക്കെന്ത് ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ തന്നെ ആലോചിക്കണം. ഇവർക്ക് ഭൂമി ഇല്ലാതെ വന്നത് ഈ യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമല്ല. അതിനുമുമ്പും അവർക്ക് ഭൂമി ഇല്ലായിരുന്നു. പക്ഷേ ഭൂമി കൊടുക്കുകയെന്നുള്ളത് പൊതു

വായ ലക്ഷ്യമാണ്, അത് കൊടുക്കാൻ തയ്യാറാണ്. അതിനുവേണ്ടി അവർ നടത്തിയ സമരത്തിൽ ജനശ്രദ്ധയും ഗവൺമെന്റ് ശ്രദ്ധയുമൊക്കെ വന്നുകഴിഞ്ഞ സാഹചര്യത്തിൽ അവിടെനിന്നും പോകുന്നതിനുവേണ്ടി അവരുംകൂടി സഹകരിക്കണം, സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സർക്കാർ ഒരു തീരുമാനമെടുത്ത് എല്ലാവരേയും മോചിപ്പിക്കാൻ തീരുമാനിച്ചാൽ അവർ പോകുമല്ലോ? അങ്ങനെ എത്രയോ ആളുകളെ നമ്മൾ മോചിപ്പിച്ചിട്ടുണ്ട്. ആദിവാസികളുടെ കാര്യത്തിൽ നമുക്ക് യോജിച്ചൊരു തീരുമാനം എടുത്തുകൂടേ? ചില സന്ദർഭങ്ങളിൽ അറസ്റ്റ് ചെയ്ത എം.എൽ.എ. മാരെ, ഗവൺമെന്റ് മോചിപ്പിക്കുന്നില്ലേ; സർക്കാർ തീരുമാനിച്ച ആളെ മോചിപ്പിക്കുന്നില്ലേ? എം.എൽ.എ. ആയിരുന്ന കാലത്ത് എന്നെ അറസ്റ്റ് ചെയ്തപ്പോൾ നിങ്ങളുടെ യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് എന്നെ മോചിപ്പിച്ചിട്ടുണ്ടല്ലോ? അതുപോലെ സർക്കാർ ഒരു തീരുമാനമെടുത്ത് ആദിവാസികളോട് പ്രത്യേക കരുണ, നമുക്ക് ഒന്നിച്ചുചേർന്ന് സ്വീകരിക്കാം. ഇതിനെ ആരും എതിർക്കാൻ പോകുന്നില്ല. മുഖ്യമന്ത്രി മുൻകൈ എടുക്കണം. മുഖ്യമന്ത്രി ഒരു തീരുമാനമെടുത്ത് പ്രഖ്യാപിച്ച് അവരെയെല്ലാം മോചിപ്പിക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: അങ്ങും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. നിങ്ങളും കേസുകൾ പിൻവലിച്ചിട്ടുണ്ട്, ഈ ഗവൺമെന്റും കേസുകൾ പിൻവലിച്ചിട്ടുണ്ട്. ആദിവാസികൾക്കെതിരെയുള്ള കേസുകൾ പിൻവലിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ അതിനൊരു അപേക്ഷ വേണ്ടേ? നിങ്ങൾ അപേക്ഷ തന്നാൽ ഇന്ന് കേസ് പിൻവലിച്ചേക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇന്നുതന്നെ ഇത് സംബന്ധിച്ചുള്ള അപേക്ഷ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തരാം. മുഖ്യമന്ത്രി ഇന്നുതന്നെ

തീരുമാനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമ്മൾ ഇവിടെയുണ്ടല്ലോ? ബാക്കി കാര്യങ്ങൾ നമുക്ക് പിന്നെ സംസാരിക്കാം.

ശ്രീ. എ.കെ. ബാലൻ: സർ, മുഖ്യമന്ത്രി വിചാരിച്ചാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു വഴി ഞാൻ പറയാം. ചെങ്ങറ സമരം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട അന്നത്തെ പ്രതിപക്ഷ നേതാവിനെ ഞാൻ വിളിച്ചല്ലോ; അദ്ദേഹത്തിന്റെ പ്രൊപ്പോസലല്ലേ ഞാൻ അംഗീകരിച്ചത്; ഭൂമി കൊടുത്തല്ലോ? ഡിസ്പ്യൂട്ടുള്ള ചില സ്ഥലമുണ്ടായിരുന്നു. അത് പിന്നെ പരിഹരിച്ചു. അത് സ്വാഭാവികമല്ലേ? അന്ന് പ്രതിപക്ഷ നേതാവ് വച്ച പ്രൊപ്പോസലാണ് ഞങ്ങൾ അംഗീകരിച്ചത്. ഇപ്പോൾ 27 കേന്ദ്രങ്ങളിൽ ആദിവാസികൾ കുടിൽ കെട്ടി താമസിക്കുകയാണ്. അവിടെ ഈ എക്സൈസുകാരും ഫോറസ്റ്റുകാരും പോലീസുകാരും പോകാതിരുന്നാൽ മതി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു നിർദ്ദേശം കൊടുക്കണം. അവർ പോയിക്കഴിഞ്ഞാൽ അവരെ അറസ്റ്റ് ചെയ്യും. ചെറിയ കുടിൽ കെട്ടി അവർ അവിടെ താമസിക്കുകയാണ്, അത് പുറമ്പോക്ക് ഭൂമിയാണ്, എക്സസ് ഭൂമിയാണ്, ഗവൺമെന്റിന്റെ ഭൂമിയാണ്. തീരുമാനമാകുന്നതുവരെ ആ പാവങ്ങൾ അവിടെത്തന്നെ കിടക്കട്ടെ. കുടിലും കെട്ടി മഴക്കാലത്ത് ഒരു ചെറിയ ടാർപോളിനും കുറച്ച് ഓലയും വലിച്ച് അവർ അവിടെ കിടക്കുകയാണ്. അവിടെ കിടന്നോട്ടെ. ചെങ്ങറ സമരവുമായി ബന്ധപ്പെട്ട് ഞങ്ങൾ പോലീസിനെ പറഞ്ഞയച്ചിട്ടില്ലല്ലോ? എത്ര സമ്മർദ്ദമുണ്ടായിരുന്നു? ഗവൺമെന്റ് സ്പോൺസർ ചെയ്ത സമരമാണ് ഇതെന്ന് ഞാൻ പറഞ്ഞല്ലോ? ഒരൊറ്റ ആദിവാസിയെ ഞങ്ങൾ ഇറക്കിയോ? അതേപോലെ ഈ 27 കേന്ദ്രങ്ങളിലും

പോലീസ് പോകണ്ടാന്ന് വച്ചാൽ മതി. എന്നാലേ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. ബഹുമാനപ്പെട്ട സി.എം. അതിന് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞാൻ അംഗീകരിച്ചു. അപേക്ഷ തരൂ, കേസ് പിൻവലിക്കാമെന്ന് പറഞ്ഞു. നിങ്ങൾ കൊടുത്തതും നമ്മുടെ കാലത്ത് കൊടുക്കുന്നതുമെല്ലാം വ്യവസ്ഥാപിതമായൊരു മാർഗ്ഗത്തിലല്ലേ? അപേക്ഷ ക്ഷണിച്ച് അവർക്ക് മറ്റ് ഭൂമിയുണ്ടോ എന്നുള്ളത് മാത്രം പരിശോധിക്കുക. ഭൂമി ഇല്ലാത്തവർക്ക് കൊടുക്കുന്നതിനുള്ള സംവിധാനം...........അതല്ലാതെ കയ്യേറിയിട്ടുള്ളവർക്ക് മാത്രമായി കൊടുക്കുകയും കയ്യേറാൻ തയ്യാറാകാത്തവർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്നത് നമുക്കാർക്കും ഭൂഷണമല്ല. അതുകൊണ്ട് ഞങ്ങൾ അങ്ങേയറ്റം അനുഭാവപൂർവ്വമായ സമീപനമെടുക്കാം. അപേക്ഷ കിട്ടിയാൽ അപ്പോൾത്തന്നെ അതിന്മേലുള്ള കേസ് പിൻവലിച്ചുതന്നെ നടപടിയെടുക്കാം. ആ കാര്യത്തിലൊന്നും ഒരു തർക്കവുമില്ല. പക്ഷേ നമുക്ക് പുതിയതായ കാര്യങ്ങളിൽ പിന്നെയും കയ്യേറ്റം എന്നുള്ളതിലേയ്ക്ക് പോകാതെ അവരെ എങ്ങനെ ഭൂമിയിൽ കുടിയിരുത്താം; എങ്ങനെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അവർക്ക് ഭൂമി കൊടുക്കാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീമതി പി.കെ. ജയലക്ഷ്മി: വനാവകാശ നിയമമനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6,016 കുടുംബങ്ങൾക്ക് 6,526 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആദിവാസി പുനരധിവാസ മിഷൻ മുഖേന 413 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുക എന്നത് ഈ സർക്കാരിന്റെ നയം തന്നെയാണ്. ഭൂരഹിതരായ ഏറ്റവും കൂടുതൽ ആദിവാസി

കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ, കഴിഞ്ഞ സർക്കാർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 50 കോടി രൂപയാണ് അനുവദിച്ചത്. രണ്ട് വർഷം ഒരു നടപടിയും കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഭൂമി കണ്ടെത്തുന്നതിനും അത് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുന്നതിന് വേണ്ട നടപടികൾ, വാസയോഗ്യമായ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചവരിൽ ശ്രീ. റ്റി.എ. അഹ്മദ് കബീർ ഒഴികെ ആരും തന്നെ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാത്തതുകൊണ്ട് ഈ വർഷം നടപ്പാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചു മാത്രം വിശദീകരിക്കാം. ഈ വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ ബോധവൽക്കരിപ്പിക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് ആയിരം പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സപ്തധാര പദ്ധതിയിൽ ഉൾപ്പെടുത്തി വിധവകളും വിവാഹമോചിതരും സ്വന്തമായി കിടപ്പാടമില്ലാത്തവരും സർക്കാർ ജോലി വഴിയോ അല്ലാതെയോ സ്ഥിരം വരുമാനമുള്ള ആൺമക്കളില്ലാത്തവരുമായ ബി.പി.എൽ. ന്യൂനപക്ഷ വനിതകൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് രണ്ടര ലക്ഷം രൂപ വീതം 100 പേർക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും കുടുംബശ്രീ മാതൃകയിൽ അവർക്കാവശ്യമായ തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചുവരുന്നു. സൈനിക സായുധ സേനകളിൽ ചേരാൻ ആഗ്രഹിക്കുന്ന ന്യൂനപക്ഷ വിഭാഗ മത്സരാർത്ഥികൾക്ക് പ്രീ–ട്രെയിനിംഗ് നൽകാനുള്ള ആരംഭം കുറിച്ചിട്ടുണ്ട്. നിലവിൽ 5 ജില്ലകളിലായി പ്രവർത്തിക്കുന്ന 6 പരിശീലന കേന്ദ്രങ്ങൾക്കുപുറമേ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും

പരിശീലന കേന്ദ്രങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. പലിശരഹിതമായി പുനരാവിഷ്ക്കരിക്കപ്പെട്ട മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ മുഴുവൻ പേരേയും അംഗങ്ങളാക്കാനുള്ള തീവ്രകർമ്മ പരിപാടികൾ ആരംഭിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത് 712 ആയിരുന്നു. ഇപ്പോൾ അത് 7200 ആയി ഉയർന്നിട്ടുണ്ട്. അത് ഈ വർഷം അവസാനമാകുമ്പോഴേയ്ക്കും 30,000 ആക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ന്യൂനപക്ഷ യുവജനങ്ങൾക്കായി പ്രീ–മാരിറ്റൽ കൗൺസലിംഗ് ആരംഭിക്കും. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസന പരിപാടികളും കരിയർ ഗൈഡൻസ് കോഴ്സുകളും ആരംഭിക്കും. വിദേശത്തും സ്വദേശത്തുമുള്ള സാങ്കേതിക തൊഴിൽമേഖലയിലെ അവസരങ്ങൾ ലഭ്യമാക്കത്തക്ക വിധം ന്യൂനപക്ഷ യുവജനതയെ പരിശീലിപ്പിക്കുന്നതിനായി ഫിനിഷിംഗ് സ്കൂൾ പദ്ധതികൾ നടപ്പിലാക്കും. ന്യൂനപക്ഷ സമുദായത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട 200 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമി പോലുള്ള സ്ഥാപനങ്ങളിൽ ഫീസ് റീ–ഇമ്പേഴ്സ് ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കും. കൂടാതെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നും 50 ബ്ലോക്കുകൾ കണ്ടെത്തി ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളായി പ്രഖ്യാപിക്കാൻ വേണ്ട പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് ഈ വർഷം

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി–പിന്നോക്ക സമുദായക്ഷേമ, ടൂറിസം വകുപ്പുകളിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച മുഴുവൻ വികാരവും ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. സമയപരിമിതിമൂലം കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പട്ടികജാതിക്ഷേമവുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞ പൊതുവായ കാര്യം കഴിഞ്ഞ 65 വർഷങ്ങളായി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും അത് വേണ്ട രീതിയിൽ താഴെത്തട്ടിലേയ്ക്ക് എത്തുന്നില്ല എന്നുള്ളതാണ്. പൊതുവായി മുൻകാലങ്ങളിൽ അത്തരമൊരു ആക്ഷേപം പലയാവർത്തി അപ്പുറത്തിരിക്കുമ്പോഴും ഇപ്പുറത്തിരിക്കുമ്പോഴും പറയുന്നതാണ്. അതുകൊണ്ട് അതിനകത്ത് കാതലായ, കാലോചിതമായ ഒരു മാറ്റം, ഇതു രണ്ടും നമുക്കാവശ്യമാണ്. അതിന് ഗവൺമെന്റ്തന്നെ നേരിട്ട് നിയമസഭാംഗങ്ങളുമായും അതുപോലെ പൊതുപ്രവർത്തനരംഗത്തു നിൽക്കുന്ന ആളുകളുമായുമൊക്കെ ആലോചിച്ചുകൊണ്ട് ഈ ഫണ്ടുകൾ എങ്ങനെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ താഴെത്തട്ടിലേയ്ക്ക് എത്തിക്കാമെന്നതിനെക്കുറിച്ച് ഒരു തുറന്ന ചർച്ച നടത്തുന്നതിൽ ഒരു പ്രയാസവുമില്ല. ഗവൺമെന്റ് അതിന് നേതൃത്വം നൽകുമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. പുതിയ ഗവൺമെന്റ് വന്നിട്ട് ഒരു വർഷം പിന്നിടുന്നതേയുള്ളൂ. ഈ ഒരു വർഷക്കാലത്തിനിടയ്ക്ക് ഗവൺമെന്റ് എല്ലാം ചെയ്തു എന്നൊന്നും അവകാശപ്പെടുന്നില്ല. ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിമിതിക്കകത്തുനിന്നുകൊണ്ട് പരമാവധി ചെയ്യുവാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ട്. ഈ പണം എവിടെ പോകുന്നു എന്ന് ചോദിച്ചു കഴിഞ്ഞാൽ..... ബഹുമാനപ്പെട്ട മുൻമന്ത്രി എ.

കെ. ബാലൻ ഭവന സഹായത്തിന്റെ കാര്യത്തിൽ ഞങ്ങൾ കൊടുത്ത അത്രയും തുക നിങ്ങൾ കൊടുത്തില്ല എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ കാലത്ത് സഹായം ഒരു ലക്ഷം രൂപയായിരുന്നു, അതിനു മുമ്പ് 70000 രൂപയായിരുന്നു. അദ്ദേഹം വന്നതിനുശേഷമാണ് ഒരു ലക്ഷം രൂപയാക്കിയത്. ഈ ഗവൺമെന്റിന് കൂടുതൽ ആളുകൾക്ക് സഹായം നൽകണമെങ്കിൽ ഒരു ലക്ഷം എന്നത് 50000 രൂപയാക്കി കൊടുത്താൽ 10000 എന്നുള്ളത് 20000 പേർക്ക് കൊടുക്കാൻ കഴിയും. അവിടെത്തന്നെയാണ് നമുക്ക് കാതലായ പ്രശ്നമുണ്ടായത്. കൊടുക്കുന്ന പണം ആവശ്യനിവൃത്തിക്ക് ഉപകരിക്കുന്നില്ല എന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വന്നു എന്നുള്ളതാണ് പ്രധാന പ്രശ്നം. ഭവനധനസഹായം പതിനായിരത്തോളം പേർക്ക് ഒരു കൊല്ലം കൊടുത്തു എന്നു പറയുന്നതിൽ കാര്യമില്ല. അവ പലതും മേൽക്കൂരകളില്ലാതെ ചുമരുകൾ മാത്രമായി പാതിവഴിയിൽ നിൽക്കുന്ന സാഹചര്യമാണ്. അങ്ങനെയുള്ള അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഒരു ലക്ഷം രൂപ എന്നുള്ളത് 2 ലക്ഷം രൂപയാക്കി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചത്. അതുപോലെ 75000 രൂപയായിരുന്നു മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് നൽകിയിരുന്നത്. ശ്മശാനഭൂമിപോലും ഇന്ന് ഒരു സെന്റിന് 25000 രൂപയ്ക്ക് കിട്ടാത്ത സാഹചര്യത്തിലാണ് ഒരു സെന്റ് ഭൂമിക്ക് 50000 രൂപയാക്കി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചത്. അങ്ങനെ ഒന്നര ലക്ഷം രൂപയാണ് ഭൂമിക്കുവേണ്ടി ഈ ഗവൺമെന്റ് നൽകിയത്. ഒരു വർഷക്കാലത്തിനിടെ ഒരുപാട് കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. പക്ഷേ, ചെയ്ത കാര്യങ്ങൾ പരമാവധി ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ഇവിടെ ഏറ്റവും പ്രധാനമായി പറഞ്ഞ കാര്യം വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ചാണ്. അത് സ്വഭാവികമാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് കൊടുക്കുന്ന സംഖ്യ എസ്.സി. വിഭാ

ഗങ്ങൾക്ക് കൊടുക്കുന്നില്ല. പക്ഷേ, ഒന്ന് ആലോചിക്കണം. കഴിഞ്ഞ വർഷംവരെ എസ്.എസ്.എൽ.സി.ക്ക് 350 രൂപയായിരുന്നു കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒറ്റ വർഷംകൊണ്ടാണ് അത് 750 രൂപയാക്കി വർദ്ധിപ്പിച്ചത്. അപ്പോൾ കാലോചിതമായി മാറ്റം വേണമെന്നുള്ള കാര്യത്തിൽ സംശയമില്ല. എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന എസ്.സി.വിഭാഗം കുട്ടികൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നാണ് പറയുന്നത്. പക്ഷേ ആ ആനുകൂല്യത്തെക്കുറിച്ച് അന്വേഷിച്ചാൽ ആകെ കിട്ടുന്നത് ഒരു വർഷത്തിൽ ഒരു പ്രാവശ്യം 350 രൂപയുടെ സ്കോളർഷിപ്പാണ്, മറ്റൊരു സഹായവും കിട്ടുന്നില്ല. അതിൽ കാലോചിതമായ മാറ്റമുണ്ടാക്കി 750 രൂപയാക്കി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ ഒരു വർഷംകൊണ്ടു കഴിഞ്ഞു. വിഷൻ–2013, ഈ ഗവൺമെന്റ് ഏറ്റവും പ്രധാനമായി നോക്കിക്കണ്ട കാര്യം, പ്ലസ്ടൂവിന് എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങി പഠിക്കുന്ന കുട്ടിക്ക് എൻട്രൻസ് പരീക്ഷയിൽ, അത് എം.ബി.ബി.എസ്. ആയാലും എഞ്ചിനീയറിംഗായാലും അവിടെ പിന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. മറ്റു വിദ്യാർത്ഥികളെപോലെ തൃശ്ശൂരിലും കോട്ടയത്തും പോയി കോച്ചിംഗ് സെന്ററിൽ പഠിക്കാനുള്ള സാഹചര്യം പാവപ്പെട്ട എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഇല്ല എന്നുള്ള ഒറ്റക്കാരണമാണ്. അതിനൊരു മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് വിഷൻ–2013. എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് വണ്ണിൽ പഠിക്കുന്ന കുട്ടികളിൽ മെഡിസിനു പോകാൻ ആഗ്രഹിക്കുന്ന കുട്ടികളുണ്ടെങ്കിൽ അവർക്ക് കോച്ചിംഗിനുവേണ്ടിയുള്ള ട്യൂഷൻ ഫീസായി 20000 രൂപ കൊടുക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പദ്ധതികൾ പലതുമുണ്ട്, സമയപരിമിതികൊണ്ട് ഓരോന്നായി പറയുന്നില്ല. വിജ്ഞാൻവാടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പുരുഷൻ

കടലുണ്ടി പറഞ്ഞ വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല എല്ലാ പഞ്ചായത്തുകളിലും വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിജ്ഞാൻവാടി എന്നു പറഞ്ഞാൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ലൈബ്രറി സംവിധാനവുമാണ്. പാവപ്പെട്ട എസ്.സി. വിഭാഗം കുട്ടികൾക്ക് പ്രോജക്ട് ചെയ്യണമെങ്കിൽ അവർക്ക് ഇന്റർനെറ്റ് കഫേയിൽ പോകാനുള്ള സാമ്പത്തികസഹായമില്ല. സ്വന്തമായി വീട്ടിൽ കമ്പ്യൂട്ടറോ ഇന്റർനെറ്റോ ഇല്ല. എല്ലാവർക്കും എത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും പരമാവധി സഹായമെന്നുള്ള നിലയിലാണ് ഈ ആശയം കൊണ്ടു വന്നത്. ഒരു പ്രോജക്ട് ചെയ്യണമെങ്കിൽ അവർക്ക് അവരുടെ വീടിനടുത്ത് ചെന്ന് ചെയ്യാൻ കഴിയും, ഒരു അപേക്ഷ കൊടുക്കണമെങ്കിലോ മറ്റ് ആവശ്യങ്ങളുണ്ടെങ്കിലോ ഇന്റർനെറ്റും കമ്പ്യൂട്ടറുമൊക്കെ ഉപയോഗിക്കുന്നതിനുവേണ്ടിയാണ് വിജ്ഞാനവാടി എന്നുള്ള ആശയം കൊണ്ടുവന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് നടപ്പാക്കിയ പദ്ധതിയാണ്. ഇവിടെ പറഞ്ഞതുപോലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 55000–ത്തോളം വരുന്ന കുട്ടികൾക്ക് സൈക്കിൾ വിതരണം നടത്തുവാൻ കഴിഞ്ഞു. അതൊരു പ്രചോദനമാണ്, ഒരു പ്രോത്സാഹനമാണ്. അതുകൊണ്ട് എല്ലാമായി എന്നല്ല. പക്ഷേ, പഠിക്കുവാനുള്ള ഒരു പ്രേരണയും കുട്ടികൾക്ക് ഒരു പിന്തുണയും നൽകുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ആ കാര്യം ചെയ്തത്. അതോടൊപ്പം പ്രീ–മെട്രിക് ഹോസ്റ്റൽ നവീകരണം, ഭവന നിർമ്മാണ പദ്ധതികൾ അങ്ങനെ ഒട്ടനവധി കാര്യങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആദ്യമായാണ് ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് എസ്.സി. വിഭാഗങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹോമിയോ ക്ലിനിക്കുകൾ ആരംഭിക്കുവാനുള്ള തീരുമാനം

ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തത്. അതുപോലെ എസ്.സി. പ്രമോട്ടർമാരുടെ പ്രതിമാസ വേതനം 2500 രൂപയിൽ നിന്ന് 4000 രൂപയാക്കി ഈ ഗവൺമെന്റിന്റെ കാലത്ത് വർദ്ധിപ്പിക്കുകയുണ്ടായി.  രണ്ടുമൂന്ന് കാര്യങ്ങൾ കൂടി എസ്.സി. വിഭാഗവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുകയാണ്. കടമെഴുതി തള്ളൽ പദ്ധതി സംബന്ധിച്ച് ബഹുമാന്യനായ എ.കെ.ബാലൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ 25000 രൂപവരെയുള്ള, പ്രത്യേകിച്ച് സഹകരണ ബാങ്കുകളിൽ നിന്നും കോർപ്പറേഷനുകളിൽനിന്നുമുള്ള  കടങ്ങൾ എഴുതിത്തള്ളിയിരുന്നു. 2006 മാർച്ച് 31-ന് മുമ്പുവരെയുള്ള 25000 രൂപ വരെയുള്ള കടങ്ങളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എഴുതിത്തള്ളിയിരുന്നതെങ്കിൽ 2006 മാർച്ച് 31 വരെയുള്ള 50000 രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയുടെകൂടി പിന്തുണ കൊണ്ടാണ് അതിനു കഴിഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഖാദി ബോർഡുണ്ടായിരുന്നില്ല, ഇപ്പോൾ ഖാദി ബോർഡുകൂടി ഉൾപ്പെടുത്താൻ വേണ്ടിയുള്ള തീരുമാനം എടുത്തിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം, ഈ വർഷം ഏതായാലും വർദ്ധിപ്പിച്ച തുകയായ 750 രൂപ വച്ചാണ് കൊടുത്തത്. ഇപ്പോൾ എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ മൂന്ന് സ്ലാബുകളിലാണ് ഇത്തരത്തിൽ സ്കോളർഷിപ്പ് കൊടുക്കുന്നതെങ്കിൽ അടുത്ത വർഷം അത് രണ്ടു സ്ലാബുകളാക്കി മാറ്റും. യു.പി. വരെയുള്ള കുട്ടികൾക്ക് 750 രൂപയും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 1000 രൂപയും അടുത്ത അക്കാദമിക് വർഷം നൽകുമെന്ന് സഭയെ അറിയിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.  കുട്ടികളുടെ ആരോഗ്യവും കുട്ടികൾ ജനനത്തോടൊപ്പം മരിക്കുന്ന സാഹചര്യവും അമ്മമാരുടെ ആരോഗ്യത്തെക്കുറിച്ചുമൊക്കെ കഴിഞ്ഞ

ദിവസങ്ങളിൽ ചർച്ചകൾ നടന്നിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പാക്കുന്നതിനായി ഗർഭിണികൾക്കും ആറുമാസം മുതൽ രണ്ടു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും വേണ്ടി ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. “അമ്മയും കുഞ്ഞും” എന്നായിരിക്കും ഈ പദ്ധതിയുടെ പേര്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പ്രസവത്തിന് മുമ്പ് ആറുമാസം മുതലും പ്രസവശേഷം ആറുമാസം വരെയും കുഞ്ഞുങ്ങൾക്ക് ആറുമാസം മുതൽ രണ്ടു വയസ്സുവരെയും പ്രതിമാസം 1000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി. അത് കുറെയേറെ ഈ രംഗത്ത് സഹായകരമാകും എന്ന് പ്രതീക്ഷിക്കുകയാണ്. എസ്.സി. വിഭാഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾക്ക് പിന്നീട് മറുപടി പറയാം. പിന്നോക്ക ക്ഷേമവുമായി ബന്ധപ്പെട്ട് ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയേണ്ടിയിരിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം രൂപീകരിച്ചതാണ് പിന്നോക്കക്ഷേമ വകുപ്പ്. അതിവേഗം ബഹുദൂരം എന്ന് ഈ ഗവൺമെന്റ് പറഞ്ഞത് അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കികൊണ്ടാണ് പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ചത്. പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ചു, ഡയറക്ടറേറ്റ് രൂപീകരിച്ചു, സെക്രട്ടേറിയറ്റിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ചു. അതു മാത്രമല്ല കഴിഞ്ഞ മാർച്ച് 31-ന് മുമ്പ് അഞ്ചു ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിക്കുകയും അത് നൽകുകയും ചെയ്ത ഗവൺമെന്റാണ് ഇതെന്ന് പറയുന്നതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. പിന്നോക്കക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ അതിവേഗത്തിലല്ല,

സ്വപ്നവേഗത്തിലാണ് നടപ്പിലാക്കിയതെന്നു പറയുവാൻ ഈ ഗവൺമെന്റിന് ഏറെ സന്തോഷമുണ്ട്. അതോടൊപ്പം പിന്നോക്കക്ഷേമ വകുപ്പിന് കീഴിലുള്ള ബി.സി.ഡി.സി.(ബാക്ക്‌വേർഡ് ക്ലാസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) വളരെ നന്നായി പ്രവർത്തിക്കുന്ന കോർപ്പറേഷനാണ്. ആ കോർപ്പറേഷൻ തീർച്ച യായും കുറെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനു ശേഷം 2 ലക്ഷം രൂപയായിരുന്ന വിദ്യാഭ്യാസ വായ്പ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ബി.സി.ഡി.സി. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമാണ് ഇന്നുള്ള ത്, ജില്ലകളിൽ രണ്ടാമതൊരു സബ് ഓഫീസുകൂടി തുടങ്ങുവാൻ തീരുമാനി ച്ചിട്ടുണ്ട്. അഞ്ചു ജില്ലകളിലാണ് ഇപ്പോൾ അതിന് തുടക്കം കുറിക്കുന്നത്. തിരുവനന്തപുരത്ത് വർക്കലയിലും ആലപ്പുഴയിൽ ഹരിപ്പാടും തൃശ്ശൂരിൽ ചേലക്കരയിലും സബ്-ഓഫീസ് ആരംഭിക്കും. പാലക്കാട് ജില്ലയിൽ പട്ടാമ്പിയിലും മലപ്പുറം ജില്ലയിൽ വണ്ടൂരും തിരൂരിലും ഇതിന്റെ ഓഫീസു കൾ ആരംഭിക്കും. കുറെക്കൂടി ജനങ്ങളിലേക്ക് കാര്യങ്ങൾ എത്തുന്നതിനു വേണ്ടിയാണ് ബി.സി.ഡി.സി. -യുടെ ഇത്തരം ഓഫീസുകൾ ആരംഭിക്കുന്ന ത്. അതുപോലെ പിന്നോക്കക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിനായി 80 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. അതുപോലെ സാമ്പത്തിക ബുദ്ധി മുട്ട് അനുഭവിക്കുന്ന പിന്നോക്ക വിഭാഗത്തിലെ നിയമബിരുദധാരികൾക്ക് പ്രാക്ടീസ് തുടങ്ങുന്നതിനായി 7500 രൂപ ഗ്രാന്റായി നൽകുന്നതിലേയ്ക്ക് ഏതാണ്ട് 37.50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളൊക്കെ ഈ ഒരു വർഷക്കാലംകൊണ്ടുതന്നെ പിന്നോക്കക്ഷേമവകുപ്പുമായി ബന്ധ പ്പെട്ട് ചെയ്യുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ടൂറിസവുമായി

ബന്ധപ്പെട്ട കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയാം. കേരളത്തിന്റെ സാമ്പത്തികവും തൊഴിൽപരവുമായ എല്ലാ രീതിയിലുമുള്ള വളർച്ചയ്ക്ക് നമുക്ക് ഏറ്റവും കൂടുതൽ ഉപകരിക്കുന്ന ഒന്നാണ് ടൂറിസം എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളം കാർഷിക സംസ്ഥാനമാണ്. കാർഷികരംഗത്ത് നമുക്ക് ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. കാർഷിക മേഖല എത്ര മുന്നോട്ടു പോകുമ്പോഴും കുറെ പ്രയാസങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടിവരും. വ്യവസായ മേഖലയുടെയും പരീക്ഷണങ്ങൾ അത്ര ആശാവഹമല്ല. പക്ഷേ, ടൂറിസം അനന്തമായ സാധ്യതകളുള്ള മേഖലയാണ്. ആ മേഖലയെ വളർത്തുന്നതിന്, കൂടുതൽ കാര്യങ്ങൾ ആ മേഖലയിൽ ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു സൂചിപ്പിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേരള ടൂറിസം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഈ കാൽ നൂറ്റാണ്ട് കാലത്തിനിടയ്ക്ക് ആഗോളബ്രാന്റായി കേരള ടൂറിസം മാറി. ലോകത്ത് എവിടെ ചെന്നാലും കേരളത്തെക്കുറിച്ച് അറിയാവുന്ന ആളുകൾ ഉണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഓരോ വർഷവും ലക്ഷകണക്കിന് ആളുകൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. അതോടാപ്പംതന്നെ പുതിയ വെല്ലുവിളികളും ടൂറിസം മേഖലയിൽ നമുക്കുണ്ട്. ശ്രീലങ്കയെപോലുള്ള രാജ്യങ്ങളിൽ ഇന്ന് നല്ല രീതിയിൽ ടൂറിസത്തെ പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അഞ്ചോ ആറോ വർഷംമുമ്പ് അവിടെ ആഭ്യന്തരകലാപംകൊണ്ട് പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് ശ്രീലങ്ക ശാന്തമാണ്. ഇന്ത്യയിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനുമുമ്പ് കേരളം ടൂറിസം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു

കഴിഞ്ഞു. ഗുജറാത്തും കർണ്ണാടകയും പോലുള്ള സംസ്ഥാനങ്ങൾ ടൂറിസം രംഗത്ത് വളരെയേറെ കാര്യങ്ങൾ ചെയ്യുന്നു എന്നുള്ളതുകൊണ്ട് നമുക്കും കാലോചിതമായ മാറ്റങ്ങളുണ്ടാക്കണം. അതുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. പുതിയ വിപണനമേഖലകൾ കണ്ടെത്തണം. യൂറോപ്യൻ രാജ്യങ്ങളോടൊപ്പംതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം മിഡിൽ ഈസ്റ്റ് പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതോടൊപ്പംതന്നെ ആസ്ത്രേലിയപോലുള്ള രാജ്യങ്ങളിൽനിന്നും കൂടുതൽ സഞ്ചാരികളെ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തികൊണ്ടിരിക്കുകയാണ്. വിപണന രംഗത്തും അടിസ്ഥാന സൗകര്യ വികസനരംഗത്തും മാറ്റങ്ങളുണ്ടാകണം. ടൂറിസം എന്നുപറയുന്നത് സമ്പന്നരുടെയും വിദേശികളുടെയും മാത്രം കുത്തകയല്ല. വിദേശത്തു നിന്നുംവരുന്ന വിനോദസഞ്ചാരികളെ കൗതുകത്തോടുകൂടി നോക്കിക്കാണേണ്ടവരല്ല കേരളത്തിലെ ജനങ്ങൾ. കേരളത്തിലെ ജനങ്ങളിലേയ്ക്ക് ടൂറിസം എത്തിക്കുക, ടൂറിസവും ജനങ്ങളും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടാക്കിയെടുക്കുക എന്നുള്ള രീതിയിൽ ജനകീയ പങ്കാളിത്ത ടൂറിസത്തിന് ഗവൺമെന്റ് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് മുന്നോട്ടുപോകുമെന്ന് സൂചിപ്പിക്കുവാനും ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. പ്രധാനമായും ടൂറിസം കേന്ദ്രങ്ങളെ ശുചിത്വമുള്ള മേഖലകളാക്കി മാറ്റുന്നതിന് വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കോവളം, കുമരകം, മൂന്നാർ, വർക്കല തുടങ്ങിയ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഈ വർഷംമുതൽതന്നെ നടപ്പാക്കുവാനുള്ള പദ്ധതികൾ ആരംഭിക്കുന്നതാണ്. റെയിൽവേയുമായി ചേർന്ന് ടൂറിസം വികസനത്തിനും വിപണനത്തിനും പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞു. ബാംഗ്ളൂർ ഐലന്റ് എക്സ്പ്രസ്സിൽ കെ.റ്റി.ടി.സി. പ്രത്യേക

ടൂറിസ്റ്റ് കോച്ച് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിൽ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് ലോഞ്ചുകൾ വികസിപ്പിക്കുവാനും റെയിൽവേയുമായി ധാരണയിലായിട്ടുണ്ട്. സംസ്ഥാനത്ത് adventure tourism വികസിപ്പിക്കുന്നതിന്റെ ഭാഗമായി തെന്മല പോലുള്ള ഏരിയകളിൽ മൗണ്ടൻ സൈക്കിളിംഗ് മത്സരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്റർനാഷണൽ താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യയിലാദ്യമായിട്ടായിരിക്കും ഒരു മൗണ്ടൻ സൈക്കിളിംഗ് മത്സരം നടക്കുക. അത് കേരളത്തിൽവച്ച് നടത്തുന്നതിനു ടൂറിസം ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആസൂത്രിതമായ വികസനത്തിലൂടെ കോട്ടയം ജില്ലയിലെ ഇലവീഴാപൂഞ്ചിറയെ ഒരു അന്താരാഷ്ട്ര മലയോര ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിന് ഈ വർഷംതന്നെ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. മലബാറിലെ പ്രസിദ്ധമായ ബേപ്പൂരും കാപ്പാടും കടൽമാർഗ്ഗവും കനാൽമാർഗ്ഗവും ബന്ധിപ്പിക്കുവാനുള്ള നടപടി ഈ വർഷംതന്നെ ഉണ്ടാകും എന്നറിയിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. നമ്മുടെ നഗരവീഥികൾ സൗഹൃദവീഥികളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് ആരംഭിക്കുന്നു. തൃക്കാക്കര നിയോജക മണ്ഡലത്തിലെ പനമ്പള്ളി നഗറിലായിരിക്കും സൗഹൃദവീഥിക്ക് തുടക്കം കുറിക്കുന്നത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ അഞ്ചു വർഷം മുമ്പുതന്നെ സീ-പ്ളെയിൻ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഈ കാര്യത്തിൽ ചർച്ചകൾ ഏറെ നടത്തുന്നുണ്ടെങ്കിലും പ്രാവർത്തി

കമാകുന്നില്ല എന്നുവന്നതുകൊണ്ട് സീ–പ്ളെയിൻ എത്രയും വേഗം നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും ഗവൺമെന്റ് ശ്രമിക്കും എന്നു സൂചിപ്പിക്കുവാനും ഈ സന്ദർഭം വിനിയോഗിക്കുന്നു. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഹ്യൂമൺ റിസോഴ്സിനുവേണ്ടിയുള്ള കേന്ദ്രങ്ങൾ കിറ്റ്സിനെപ്പോലുള്ള കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഉണ്ടാകും എന്ന് സൂചിപ്പിക്കുന്നു. സഞ്ചാരികൾക്കാവശ്യമായ വഴിയോര സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന അത്യാധുനിക വഴിയോര സമുച്ചയങ്ങൾ പൊതുസ്വകാര്യമേഖലയുമായി സഹകരിച്ച് പ്രധാന വീഥികളിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ശാന്തിഗിരിയിൽ ഇത്തരത്തിലുള്ള ആദ്യ സമുച്ചയം ഉടൻതന്നെ നിർമ്മാണം ആരംഭിക്കും. അതിന്റെ പേര് 'Take a Break' എന്നായിരിക്കും അതിന് പേര് നൽകുക. ടൂറിസം മേഖലയിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുവാനുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. എറണാകുളത്തുള്ള ഗസ്റ്റ് ഹൗസിനെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എറണാകുളം ടൗണിലേയ്ക്ക് പോകണമെങ്കിൽ ഒരുപാട് സമയമെടുക്കും. നാഷണൽ ഹൈവേയ്ക്ക് തൊട്ടടുത്ത് ബൈപ്പാസിൽ ഗസ്റ്റ് ഹൗസ് തുടങ്ങുന്നതിനുള്ള നടപടി ഈ വർഷം സ്വീകരിക്കും എറണാകുളത്ത് ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥലം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.. പൊന്നാനി ബി.എം. കായിലിൽ രണ്ടര കോടി രൂപയുടെ പദ്ധതിക്ക്

ഗവൺമെന്റ് അംഗീകാരം നൽകികഴിഞ്ഞു. അനങ്ങൻമല വികസനവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ എം.എൽ.എ. സലീഖ മീറ്റിംഗ് കൂടാൻ ആവശ്യ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മീറ്റിംഗ് കൂടുകയും ഒന്നാംഘട്ടം പ്രവർത്തനം ഉടൻ പൂർത്തീകരിച്ച് രണ്ടാംഘട്ട പ്രവർത്തനത്തിന് ആവശ്യമായ പണം അനുവദിക്കുമെന്ന് സൂചിപ്പിക്കുവാനും ഈ സന്ദർഭം വിനിയോഗിക്കുകയാ ണ്. പെരുന്തൽമണ്ണയിലെ കൊടിക്കുത്തിമല ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടെ വാച്ച് ടവർ, കഫറ്റേരിയ ഉൾപ്പെടെയുള്ള ഒരു ടൂറിസം പ്രോഗ്രാം പ്രോജക്ടിന് ഈ വർഷംതന്നെ തീരുമാനമുണ്ടാകുമെന്ന് സൂചിപ്പി ക്കുവാനാഗ്രഹിക്കുന്നു.. ബഹുമാനപ്പെട്ട അംഗവും മുൻ മന്ത്രിയുംകൂടിയായ ശ്രീ. എ.കെ. ബാലൻ, മെഡിക്കൽ കോളേജ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ ഇവിടെ പങ്കുവയ്ക്കുകയുണ്ടായി. അങ്ങയുടെ എല്ലാ ആശ ങ്കകളും ദൂരീകരിച്ചുകൊണ്ട് കേരളത്തിലെ ഏറ്റവും നല്ല മെഡിക്കൽ കോളേ ജായിരിക്കും പാലക്കാട് ആരംഭിക്കുന്നത്. അങ്ങ് ഇപ്പോഴും ചോദിച്ചു. പണം എവിടെ എന്ന്? അങ്ങാണെനിക്ക് മാതൃക. അങ്ങ് പറഞ്ഞു കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ഇങ്ങനെയൊക്കെ ചെലവഴിക്കാമോ എന്ന്. ഞാൻ പരിശോധിച്ചപ്പോൾ കഴിഞ്ഞ വർഷം രണ്ട് ഇൻസ്റ്റിറ്റ്യൂഷൻസ് അങ്ങയുടെ മണ്ഡലത്തിൽത്തന്നെ സ്ഥാപിച്ചിരിക്കുന്നു. കമ്മ്യൂണിറ്റി കോളേജ് പോലെ യുള്ള വേറെയും സ്ഥാപനങ്ങൾ ആരംഭിച്ചത് കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ഉപയോഗിച്ചാണ്. ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് പൂൾഡ് ഫണ്ടിൽ നിന്നും കോർപ്പസ് ഫണ്ടിൽ നിന്നും പണമെടുത്തുകൊ ണ്ടാണ് ഇത് പൂർത്തീകരിക്കുന്നത്. യാതൊരു ആശങ്കയും വേണ്ട. സ്വാഭാവി കമാണ് അങ്ങയുടെ ആശങ്ക. എനിയ്ക്കറിയാം. അങ്ങ് അഞ്ച് വർഷം ഇരു ന്നതാണ്. അങ്ങനെയുള്ള ഒരു വകുപ്പിനോട് അങ്ങേയ്ക്ക് താൽപ്പര്യം

തോന്നും. അതിനകത്ത് പാളിച്ചകൾ ഉണ്ടാകരുത് എന്ന് അങ്ങ് ആഗ്രഹിക്കുന്നതിൽ തെറ്റില്ല. അതുകൊണ്ടുതന്നെ പാളിച്ചകൾ ഇല്ലാതെതന്നെ ആയിരിക്കും മുന്നോട്ടുപോകുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ട്. എല്ലാ ബാദ്ധ്യതയും പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പിന്റെ തലയിൽ വയ്ക്കേണ്ട. കാരണം വിവിധ പദ്ധതികൾക്കും പ്രോജക്ടുകൾക്കും കൊടുക്കേണ്ട കാശ് ഇങ്ങനെ പൂൾ ചെയ്ത് കംപ്ലീറ്റ് മെഡിക്കൽ കോളേജുകൾക്ക് കൊടുക്കുമ്പോൾ വളരെ സമർത്ഥമായി ധനകാര്യവകുപ്പ് രക്ഷപ്പെടുന്നു. ആദ്യം ബഡ്ജറ്ററി സപ്പോർട്ട് വാങ്ങുന്നതിനുള്ള നടപടി എടുക്കണം. റെക്കറിംഗ് എക്സ്പെൻഡിച്ചർ വരും അധ്യാപകരുടെ ശമ്പളം വരും. ഇതൊക്കെ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ തലയിൽ വരും. അതുകൊണ്ടാണ് ആ ആശങ്ക ഇപ്പോൾത്തന്നെ പറഞ്ഞത്. പ്രതിപക്ഷത്തിരിക്കുന്ന ഒരു മെമ്പർ എന്നുള്ള നിലയിൽ അതിനെ കാണരുത്. അതുകൊണ്ട് പറഞ്ഞതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അപ്പം തിന്നാൽ പോരേ, കുഴി എണ്ണണോ എന്ന് നാടൻ ഭാഷയിൽ ഒരു ചോല്ലുണ്ട്. നിങ്ങൾക്ക് ഇത് വല്ലതും അറിയേണ്ട കാര്യമുണ്ടോ? ആവശ്യമായ പണം ഇതിനുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇങ്ങനെ ഒരു മെഡിക്കൽ കോളേജ് എന്നുള്ള ആശയം ബഹുമാനപ്പെട്ട അങ്ങ് സൂചിപ്പിച്ചു. അങ്ങേയ്ക്ക് അറിയാമല്ലോ, 2007 മുതൽ 2011 വരെ എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഏതാണ്ട് 18 സ്വാശ്രയ മെഡിക്കൽ കോളേജുകളിലും 5 ഗവൺമെന്റ്

മെഡിക്കൽ കോളേജുകളിലും കൂടി 2800 സീറ്റാണുള്ളത്. 5 വർഷം പഠിച്ചു കഴിഞ്ഞാൽ ഈ 2800 സീറ്റ് ഏതാണ്ട് 14000 സീറ്റാകും. എന്നാൽ 2007 മുതൽ 2011 വരെ എസ്.സി വിഭാഗം കുട്ടികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുള്ളത് കേവലം 580 സീറ്റുകളിലാണ്. 2007-ൽ 106, 2008-ൽ 112, 2009-ൽ 122, 2010-ൽ 117, 2011-ൽ 125 എന്നിങ്ങനെയാണ്. ആനുപാതികമായി നോക്കുകയാണെങ്കിൽ 10% എന്ന് പറയുമ്പോൾ 250 സീറ്റെങ്കിലും വേണം. പക്ഷേ സ്വാശ്രയ മേഖലയിലെ ഇന്നത്തെ സാഹചര്യംവച്ച് നമുക്ക് ലഭ്യമായത് ഇത്രയും സീറ്റുകളാണ്. അതുകൊണ്ടാണ് ഇന്ന് 10 സ്വാശ്രയ കോളേജുകളിൽ നിന്ന് ലഭ്യമാകുന്നത് 50 സീറ്റാണെങ്കിൽ നമ്മൾ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചുകഴിഞ്ഞാൽ ഒരു വർഷം ഒരു കോളേജിൽ നിന്ന് 50 ഉം 60 ഉം സീറ്റുകൾ ലഭ്യമാകുമെന്ന് പറഞ്ഞാൽ അത് തുടങ്ങുന്നതല്ലേ നല്ലത്. അതുകൊണ്ടാണ് ഇങ്ങനെയൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. മാത്രമല്ല ആരോഗ്യ വകുപ്പിന്റെ പൂർണ്ണമായ സഹകരണത്തോടെയാണ് ഇത് ആരംഭിക്കുന്നത്. അങ്ങ് ഉദ്ദേശിക്കുന്നതുപോലെ മുഴുവൻ പണവും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കണ്ടെത്തേണ്ട കാര്യമില്ല. ഭൂമിയുടെ കാര്യത്തിൽപോലും നമുക്ക് പരിമിതമായ പണം മാത്രമേ ലഭ്യമാക്കേണ്ടതുള്ളൂ. അതുകൊണ്ട് ഈ ഒരു പദ്ധതിക്ക് അങ്ങയുടെകൂടി പൂർണ്ണമായ സഹായം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ഒന്ന് രണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. മുൻമന്ത്രികൂടിയായ ശ്രീ. ജി. സുധാകരൻ പറഞ്ഞ കാര്യത്തിനോട് ഒരു ശതമാനംപോലും വിയോജിപ്പ് പ്രകടിപ്പിക്കുന്നില്ല. അദ്ദേഹം പറ

ഞ്ഞത് ഡി.റ്റി.പി.സി –യിൽ നിയമനം നടത്തുമ്പോൾ, ജനറൽ ബോഡിയിൽ എം.എൽ.എ–മാർ മുഴുവൻ വരുന്നുണ്ട്. ബഹുമാനപ്പെട്ട മുൻ ടൂറിസം വകുപ്പുമന്ത്രിക്ക് അതറിയാം. മൂന്ന് പേരാണ് എക്സിക്യൂട്ടീവ് ബോഡിയിൽ വരുന്നത്. മൂന്ന്പേർ എക്സിക്യൂട്ടീവിൽ വരുന്ന കാര്യത്തിൽ പരമാവധി പ്രതിപക്ഷത്തെകൂടി ഉൾപ്പെടുത്തി മുന്നോട്ട് പോകുന്ന ഒരു സമീപനമാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. ശ്രീ. ജി. സുധാകരൻ പറഞ്ഞ ഒരു കാര്യം, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ് ഡി.റ്റി.പി.സി–യുടെ ഓഫീസ് നിലകൊള്ളുന്നത്. ബഹുമാന്യനായ ഡോ. തോമസ് ഐസക്–ന്റെ നിയോജകമണ്ഡലം തൊട്ടടുത്താണ്, അവരെ വച്ചില്ലെന്നാണ്. ബഹുമാനപ്പെട്ട മുൻമന്ത്രിക്ക് അറിയാം 2006 വരെ ശ്രീ. കെ. സി. വേണുഗോപാൽ ആയിരുന്നു ടൂറിസം വകുപ്പുമന്ത്രി. ആലപ്പുഴയുടെ എം.എൽ.എ ആയിരുന്ന അദ്ദേഹം വിജയിച്ച് വീണ്ടും എം.എൽ.എ ആയി പ്രതിപക്ഷത്ത് ഇരുന്നപ്പോൾ ഭരണപക്ഷത്തിരുന്നത് ഇടതുപക്ഷമാണ്. മൂന്നുപേരിൽ ഒരാളെയെങ്കിലും.. മുൻ ടൂറിസംവകുപ്പുമന്ത്രി എന്നുള്ള നിലയ്ക്കെങ്കിലും അദ്ദേഹത്തെ വയ്ക്കാമായിരുന്നു. പക്ഷേ വച്ചിട്ടില്ല. ആ ഒരു സമീപനമല്ല ഈ ഗവൺമെന്റ് എടുക്കുന്നത്. എല്ലായിടത്തും എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ പരമാവധി ഉൾപ്പെടുത്താൻ കഴിയുന്നിടങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ട്. ശ്രീ. പി. തിലോത്തമനെ ആലപ്പുഴ ഡി.റ്റി.പി.സി –യിൽ വച്ചിട്ടുണ്ട്. ഞാൻ പറയട്ടെ.. . . ..(തടസ്സം). . . ... വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ ചെയ്യാം. പരമാവധി ശ്രമിക്കും. ശ്രീ. ജി. സുധാകരൻ, ഞാൻ ഏറെ ആദരിക്കുന്ന ഒരാളാണ്. സ്ഥലം എം.എൽ.എ–യേയുംകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ പറ്റുമോ എന്നുള്ളത് ആലോചിക്കാവുന്ന കാര്യമാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എന്നെ വയ്ക്കാൻ വേണ്ടിയല്ല. എനിക്ക് അതിൽ യാതൊരു നിർബന്ധവും ഇല്ല. അതല്ല, ഡി.റ്റി.പി.സി– യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ആളെ എടുക്കുന്നത് ഡി.റ്റി.പി.സി ഇലക്ട് ചെയ്യുന്നതല്ല. ഗവൺമെന്റ് നോമിനേഷൻ ആണ്. അതല്ല ഇഷ്യൂ. ഇത് ഗവൺമെന്റ്, മന്ത്രി ഇറക്കുന്ന ഒരു എക്സിക്യൂട്ടീവ് ഓർഡർ ആണ്. ഭരണഘടന പ്രൊവിഷനല്ല. ഞങ്ങളെ വയ്ക്കണമെന്നല്ല. നിങ്ങൾ ആ പ്രദേശത്ത്, ആ സ്ഥാപനത്തിന്റെ ചുറ്റുപാടും ടൂറിസ്റ്റ് കേന്ദ്രമല്ലേ.... കുട്ടനാടിന്റേയും, അമ്പലപ്പുഴയുടേയും എം.എൽ.എ–മാർ ഒന്നുമില്ലാതെ........ എന്റെ കാര്യമല്ല..... ഞാനിപ്പോൾ അമ്പലപ്പുഴ എം.എൽ.എ ആണ്. അന്നുഞാൻ ആലപ്പുഴ എം.എൽ.എ അല്ല. മുമ്പ് തുടങ്ങിയപ്പോൾ മൂന്നുപേരെ ഉണ്ടായിരുന്നുള്ളൂവെങ്കിൽ നിങ്ങൾക്ക് അത് ഭേദഗതി ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കെ, അത് ചെയ്യണമെന്ന് പറഞ്ഞപ്പോൾ, അതിന് നല്കിയ മറുപടി ഖേദകരമായിപോയി. ഗവൺമെന്റ് സെക്രട്ടറിക്ക് നിങ്ങളെ ഉപദേശിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. എനിക്ക് മെമ്പർഷിപ്പും ഒന്നും വേണ്ട. കാര്യം പറഞ്ഞെന്നേയുള്ളൂ.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഇവിടെ അങ്ങെടുത്ത സമീപനം മാതൃകാപരമാണ്. അക്കാര്യത്തിൽ സംശയം ഇല്ല. കഴിഞ്ഞ നിയമസഭയുടെ കാലത്ത് ഞാൻ പത്തനംതിട്ട എം.എൽ.എ ആയിരുന്നു. പത്തനംതിട്ടയിലെ ഡി.റ്റി.പി.സി–യുടെ ഒരു പരിപാടിയിലും എന്നെ ഉൾപ്പെടുത്തിയില്ലെന്നുമാത്രമല്ല അതിന്റെ ഏഴ് അയലത്തുപോലും അന്നത്തെ ഗവൺമെന്റ് അടിപ്പിച്ചിട്ടില്ല. ആ സമീപനമല്ല അങ്ങ് എടുക്കുന്നത്. വളരെ നല്ല കാര്യമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ഏതായാലും അത്തരം കാര്യങ്ങൾ തീർച്ചയായും ആലോചിക്കാവുന്നതാണ്. കഴിഞ്ഞ കാലങ്ങളിലെ കീഴ്വഴക്കം അതല്ലാത്തതുകൊണ്ടാണ് അങ്ങനെ വന്നുപോയത്. കഴിഞ്ഞ

ഗവൺമെന്റിൽനിന്നും വ്യത്യസ്തമായി പരമാവധി പ്രതിപക്ഷാംഗങ്ങളെകൂടി ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. സദാശിവൻ: സർ, നെഹ്റു ട്രോഫി ജലോത്സവം കാണാനെത്തിയ രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീൽ ആലപ്പുഴയിൽ മെഗാ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ ഫണ്ട് അനുവദിപ്പിക്കുമെന്ന് പറയുകയുണ്ടായി. അങ്ങ് എം.എൽ.എ–മാരുടെ രണ്ട് യോഗം വിളിച്ചു. അതിന്റെ ഒരു പ്രോജക്ട് തയ്യാറാക്കുമെന്ന് പറഞ്ഞു. അതിന്റെ പ്രവർത്തനങ്ങൾ എന്തായി എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം പ്രോജക്ടാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിന്റെ പ്രവർത്തനം തുടങ്ങിയിരുന്നു. പ്രോജക്ട് സബ്മിറ്റ് ചെയ്യുക മാത്രമല്ല അതിനാവശ്യമായ ആദ്യ ഗഡു എന്നുള്ള രീതിയിൽ 50 കോടി രൂപ ഗവൺമെന്റ് ആലപ്പുഴയുടെ വികസനത്തിന് വേണ്ടി അനുവദിച്ചിട്ടുണ്ട് എന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്. .......... ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഓരോരുത്തർ ചോദിക്കും. അത് സാരമില്ല. യെസ്... യെസ്..... മിനിസ്റ്റർ പറയട്ടെ. അദ്ദേഹം എല്ലാവർക്കും വഴങ്ങിയല്ലോ......അദ്ദേഹം പറയട്ടെ. പ്ലീസ് .....

ശ്രീ. എ. പി. അനിൽ കുമാർ: സർ, എല്ലാവരും പെട്ടെന്ന് അവസാനിപ്പിക്കാൻ പറയുകയാണ്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. വി. എസ് . സുനിൽ കുമാർ: സർ, ഡി.റ്റി.പി.സി–യിൽ ഫുൾടൈം സെക്രട്ടറിമാരെ വയ്ക്കേണ്ടത് വളരെ അത്യാവശ്യമാണ്. പല ജില്ലകളിലും ഡി.റ്റി.പിസി–ക്ക് ഫുൾടൈം സെക്രട്ടറിമാരില്ല. ഉദാഹരണത്തിന് തൃശൂർ ജില്ല യിൽ ഒരു സെക്രട്ടറിയെ നിയമിച്ചിട്ട് ഇതുവരെ ചാർജെടുത്തിട്ടില്ല. എന്തു കൊണ്ടാണെന്നറിയില്ല. ഡി.റ്റി.പി.സി–ക്ക് ഫുൾടൈം സെക്രട്ടറിമാരില്ലാതെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് പ്രവർത്തിക്കാൻ കഴിയില്ല. അങ്ങ് ഇടപെട്ട് ഒരു തീരുമാനം എടുക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എല്ലായിടത്തും സെക്രട്ടറിമാരെ വച്ചിട്ടുണ്ട്. ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തൃശൂരിൽ നിയമിച്ച താണ്. പക്ഷേ കോടതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനായതുകൊണ്ട് അദ്ദേഹത്തിന് അംഗീകാരം ലഭിക്കാത്തതുകൊണ്ടാണ് ചാർജ് എടുക്കാത്തത്. ഉടൻ ഒരു ബദൽ സംവിധാനം ഉണ്ടാക്കാം. ഇന്നു രാവിലെ ചോദ്യോ ത്തരവേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞ ഒരു കാര്യംകൂടി പരാമർശിച്ച് അവസാനിപ്പിക്കാം. എം.എൽ.എ–മാരുടെ കാര്യത്തിൽ, അവർക്ക് കൊടുക്കേണ്ട പരിഗണന അവ രുടെ അവകാശമാണ് എന്ന് തിരിച്ചറിവുള്ള ഒരാളാണ് ഞാൻ . കാരണം കഴിഞ്ഞ 5 വർഷം ഞാൻ അപ്പുറത്തായിരുന്നു. എന്റേതായ അനുഭവങ്ങൾ എനിക്കുണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. പൊന്മുടി ഗസ്റ്റ്ഹൗസിന്റേയും അമിനിറ്റി സെന്ററിന്റേയും ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഒരു വീഴ്ച പറ്റിയ തായി എനിക്ക് തോന്നുന്നു. ഞാൻ അതിൽ ഖേദിക്കുന്നു. ആ ചടങ്ങ് സംഘ ടിപ്പിച്ചത് ടൂറിസം വകുപ്പായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആയിരുന്നു അതിന്റെ ഉദ്ഘാടകൻ. കൂടാതെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ.

കെ. ബി ഗണേഷ് കുമാറും, ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ . ഇബ്രാഹീം കുഞ്ഞും ഉദ്ഘാടനച്ചടങ്ങിനുണ്ടായിരുന്നു. മൂന്ന് മന്ത്രിമാരും മുഖ്യമന്ത്രിയും പങ്കെടുത്ത ചടങ്ങിൽ സ്വാഭാവികമായും വകുപ്പു മന്ത്രി എന്നുള്ള നിലയിൽ ഞാൻ അദ്ധ്യക്ഷത വഹിച്ചു എന്നുള്ളത് ശരിയാണ്. ഒരു വീഴ്ച പറ്റി എന്നു പറയുന്നത് സ്വാഗതം പറയുന്ന കാര്യത്തിൽ എം.എൽ.എ-യെ വയ്ക്കേണ്ടതായിരുന്നു എന്നായിരുന്നു ഞാൻ സ്പീക്കറോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. ഞാനവിടെ എം.എൽ.എ-യേയും എം.പി-യേയും വിശിഷ്ട അതിഥിയായിട്ടാണ് വച്ചത്, ആശംസ അർപ്പിക്കാനല്ല വച്ചത്. ആലപ്പുഴയിൽ മുമ്പ് ഇതുപോലെ ശ്രീ. ജി. സുധാകരന് അറിയാം..... അവിടെയും സ്വാഗതം പറയുന്നത് സീനിയർ എം.എൽ.എ എന്നുള്ള നിലയിൽ ഡോ. ടി. എം. തോമസ് ഐസക്-ഒക്കെയാണ്. ശ്രീ. ജി. സുധാകരനെപ്പോലെയുള്ള മുൻമന്ത്രിമാരാണ്. അതുകൊണ്ട് പലപ്പോഴും അവരെയൊക്കെ മുഖ്യാതിഥിയും വിശിഷ്ടാതിഥികളുമായാണ് വയ്ക്കാറുള്ളത്. ആ രീതിയിൽ അങ്ങേയ്ക്ക് കൂടുതൽ പരിഗണന നല്കണം എന്നുള്ള നിലയ്ക്കാണ് സ്വാഗതം എന്നുള്ളത് മാറ്റി വിശിഷ്ടാതിഥി ആക്കിയത്. അത് തെറ്റായിപ്പോയെങ്കിൽ ഞാൻ അങ്ങയോട് ഖേദിക്കുന്നു. ക്ഷമിക്കണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ,.....

മി. സ്പീക്കർ: സോൾവായി. ഒ.കെ .....യെസ്...യെസ്... ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വേണ്ട..... നോ.....നോ...... മിനിസ്റ്റർ പറഞ്ഞു കഴിഞ്ഞല്ലോ. അദ്ദേഹം കാര്യമായിട്ട് പറഞ്ഞല്ലോ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

മി. സ്പീക്കർ: സർവ്വശ്രീ. എം.എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, എളമരം കരീം, കോടിയേരി ബാലകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, കെ.വി. വിജയദാസ്, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, വി.എസ്. സുനിൽകുമാർ, വി. ശശി, ജി.എസ്. ജയലാൽ, ശ്രീമതി ഗീതാഗോപി, ഇ.കെ. വിജയൻ, ജോസ് തെറ്റയിൽ, കെ. വി. അബ്ദുൾ ഖാദർ, ശ്രീമതി പി. അയിഷാ പോറ്റി, കെ. ദാസൻ, ബി. ഡി. ദേവസ്സി, ഡോ. കെ. ടി. ജലീൽ, ജെയിംസ് മാത്യൂ, കോലിയാക്കോട് എൻ. കൃഷ്ണൻ നായർ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ ഉദുമ, ശ്രീമതി കെ. കെ. ലതിക, കെ. കെ. നാരായണൻ, പുരുഷൻ കടലുണ്ടി, പി.ടി.എ. റഹീം, ആർ. രാജേഷ്, രാജു എബ്രഹാം, പ്രൊഫ. സി. രവീന്ദ്രനാഥ്, സി.കെ. സദാശിവൻ, ശ്രീമതി കെ.എസ്.സലീഖ, ബി. സത്യൻ, വി. ശിവൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി

47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ – 72

പ്രതികൂലിക്കുന്നവർ – 57

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLII – വിനോദസഞ്ചാരം**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ. ജോസ് തെറ്റയിൽ, പി. അയിഷാ പോറ്റി, കെ.വി. അബ്ദുൾ ഖാദർ, എം.എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, കെ. ദാസൻ, ബി. ഡി. ദേവസ്സി, എളമരം കരീം, ഡോ. കെ. ടി. ജലീൽ, ജെയിംസ് മാത്യൂ, കോടിയേരി ബാലകൃഷ്ണൻ, കോലിയാക്കോട് എൻ. കൃഷ്ണൻ നായർ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ ഉദുമ, ശ്രീമതി കെ. കെ. ലതിക, കെ. കെ. നാരായണൻ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി.ടി.എ. റഹീം, ആർ. രാജേഷ്, രാജു എബ്രഹാം, പ്രൊഫ. സി. രവീന്ദ്രനാഥ്, സി.കെ. സദാശിവൻ, ശ്രീമതി കെ. എസ്. സലീഖ, ബി. സത്യൻ, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, വി.എസ്. സുനിൽകുമാർ, ഇ.കെ. വിജയൻ, ശ്രീമതി ഗീതാഗോപി, ജി.എസ്. ജയലാൽ, വി. ശശി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 72

പ്രതികൂലിക്കുന്നവർ – 57

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 6-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.)

***************